# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 115 — 27.02.2017-ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി. ടി തോമസ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ : | (എ) & (ബി) | ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പദ്ധതി പ്രവർത്തനം അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.<br>ആലുവ മുതൽ പാലാരിവട്ടം വരെയുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി വയഡക്ട്, ട്രാക്ക്, വൈദ്യുതീകരണജോലികൾ പൂർത്തീകരിച്ച് കഴിഞ്ഞു.<br>ആകെയുള്ള പതിനൊന്ന് സ്റ്റേഷന്റെ ആർ.സി.സി സ്ട്രക്ചർ പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള മിനുക്ക് പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>അഞ്ചു ട്രെയിനുകൾ ഇപ്പോൾ മുട്ടത്തുള്ള ഡിപ്പോയിൽ പരീക്ഷണ ഓട്ടത്തിലാണ്. സിഗ്നലിംഗ്, ടെലികമ്മ്യൂണിക്കേഷൻ ജോലികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള ആലുവ-പാലാരിവട്ടം സെക്ഷനിലെ ജോലികൾ 2017 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.<br>സിഗ്നലിംഗ് വിഭാഗത്തിന്റെ സുരക്ഷാ പരിശോധന ഏതാനും ആഴ്ചകൾക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്.<br>മെട്രോ സുരക്ഷാ കമ്മീഷണറുടെ അനുമതിക്കായുള്ള ഒന്നാം ഘട്ട അപേക്ഷ സമർപ്പിക്കുകയും, രണ്ടാം ഘട്ട അപേക്ഷ സമർപ്പണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. സുരക്ഷാ പരിശോധനയ്ക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞു. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടന്നിട്ടുള്ളതെന്നും ഇനി എന്തെല്ലാമാണ് നടക്കാനുള്ളതെന്നും വ്യക്തമാക്കുമോ : | | |

| | | | |
|---|---|---|---|
| (സി) | പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | കൊച്ചി മെട്രോയുടെ ആദ്യഘട്ടമായ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പ്രവർത്തനം 31.03.2017-ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന നടത്തി അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അംഗീകാരം ലഭിച്ച ശേഷം, മെട്രോയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ